10-12-2022

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor : Sreekala S Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-10/12/2022.

1. 2010 വർഷം മുതൽ ജൈവസാക്ഷ്യ പത്രത്തോടെ പ്രവർത്തിച്ചുവരുന്ന സംസ്ഥാന കൃഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ആലുവ തുരുത്ത് സംസ്ഥാന വിത്തുത്പാദന കേന്ദ്രത്തെ രാജ്യത്തെ തന്നെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാം ആയി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിക്കുന്നു. ഇതിന്റെ ഭാഗമായി ഇന്ന് (ഡിസംബർ 10) രാവിലെ 10 മണിക്ക് മുഖ്യമന്ത്രി ഫാം സന്ദർശനവും കാർബൺ ന്യൂട്രൽ ഫലകം അനാച്ഛാദനവും നടത്തുന്നു. തുടർന്ന് 11 മണിക്ക് ആലുവ ടൗൺ ഹാളിൽ വച്ച് ആലുവ ഫാം കാർബൺ ന്യൂട്രൽ ആയി മുഖ്യമന്ത്രി പ്രഖ്യാപിക്കുന്നതാണ്. കൃഷിവകുപ്പ് മന്ത്രി പി പ്രസാദിന്റെ അധ്യക്ഷതയിൽ നടക്കുന്ന പ്രസ്തുത സമ്മേളനത്തിൽ വ്യവസായ നിയമ വകുപ്പ് മന്ത്രി പി രാജീവ് മുഖ്യ പ്രഭാഷണം നടത്തും.

2. ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെയും കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ കേരള കാർഷിക കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി ഉദ്ഘാടനവും ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ കിസാൻ മേളയും ഇന്ന് (ഡിസംബർ 10-ന്) രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ശാർക്കര ഗവൺമെന്റ് യുപി സ്കൂളിൽ വച്ച് സംഘടിപ്പിക്കുന്നു.

3. ക്ഷീരവികസന വകുപ്പ് തിരുവനന്തപുരം ജില്ലാ ക്ഷീരസംഗമം 2022-2023 നോടനുബന്ധിച്ച് യു പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾക്കായി ചിത്രരചന, പെൻസിൽ ഡ്രോയിങ്ങ് മത്സരങ്ങൾ നാളെ (11.12.2022) രാവിലെ 9.00 മണി മുതൽ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9074724613** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള റോസ് സൊസൈറ്റിയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിക്കുന്ന നഗരവസന്തം പുഷ്പോത്സവത്തിൽ പൊതുജനങ്ങൾക്കും റെസിഡന്റ്സ് അസോസിയേഷനുകൾക്കും പങ്കാളികളാകാനും സമ്മാനങ്ങൾ നേടാനും അവസരം. 'നഗരത്തിന് ഒരു വസന്തം' എന്ന് പേരിട്ടിട്ടുള്ള മത്സരത്തിൽ റെസിഡന്റ്സ് അസോസിയേഷനുകൾക്കും വ്യക്തികൾക്കും പങ്കെടുക്കാം. പൂച്ചെടികളും അലങ്കാരച്ചെടികളുമായി 100 ചെടിച്ചട്ടികളിൽ കുറയാതെ എത്തിക്കുന്നവർക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക. പങ്കെടുക്കുന്ന എല്ലാവർക്കും

5000 രൂപ വീതം പ്രോത്സാഹന സമ്മാനവും ലഭിക്കും. താല്പര്യമുള്ളവർ കനകക്കുന്നിന് സമീപം ജവഹർ ബാലഭവനിൽ ഒരുക്കിയിട്ടുള്ള നഗരവസന്തം സംഘാടക സമിതി ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9447104575** എന്ന നമ്പറിൽ കേരള റോസ് സൊസൈറ്റി വർക്കിംഗ് പ്രസിഡന്റ് അഡ്വ പുഞ്ചക്കരി രവിയുമായി ബന്ധപ്പെടാവുന്നതാണ്. ഈ മാസം 21 മുതൽ ജനുവരി മൂന്ന് വരെയാണ് നഗരവസന്തം സംഘടിപ്പിക്കുന്നത്.

5. പാലക്കാട് ജില്ലയിൽ മണ്ണാർക്കാടിനടുത്ത് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യുണിവേഴ്സിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന കോളേജ് ഓഫ് ഏവിയൻ സയൻസസ് ആന്റ് മാനേജ്മെന്റ്, തിരുവാഴാംകുന്നിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ പൗൾട്രി സയൻസ്, കമ്പ്യൂട്ടർ സയൻസ്, ബിസിനസ് മാനേജ്മന്റ് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്നതിന് ടീച്ചിംഗ് അസിസ്റ്റന്റുമാരെ ആവശ്യമുണ്ട്. അപേക്ഷിക്കേണ്ട അവസാന തീയ്യതി ഈ മാസം 16 (16.12.2022). വിശദ വിവരങ്ങൾക്ക് www.kvasu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

## പരിശീലന പരിപാടികൾ

6. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളേജിൽ '**സസ്യ പ്രജനന മാർഗങ്ങൾ (ഗ്രാഫ്റ്റിങ്, ബഡ്ഡിങ്, ലയറിങ്), വിവിധ തരം കംപോസ്റ്റുകൾ, പച്ചക്കറി കൃഷി, വിളകളുടെ കീട രോഗ നിയന്ത്രണം, വിളകളിലെ പോഷകങ്ങളുടെ അഭാവഭാവങ്ങൾ**" എന്നീ വിഷയങ്ങളിൽ **ഡിസംബർ 15, 16, 17** തീയതികളിലായി പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് ആയിരം രൂപ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേറ്റ് നൽകുന്നതാണ്. താല്പര്യമുള്ളവർ പേരും ഫോൺ നമ്പരും **9539115117** എന്ന നമ്പറിലേക്ക് വാട്സ്ആപ്പ് സന്ദേശമായാ tssvellayani@kau.inഎന്ന ഇമെയിലിലേക്ക് അയക്കുകയോ ചെയ്യുക. ഡിസംബർ 14-ന് (14/12/2022 ന്) 3 മണിക്ക് മുൻപേ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9539115117** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററിൽ ക്ഷീര കർഷകർക്കായി **ശാസ്ത്രീയ പശു പരിപാലനം** എന്ന വിഷയത്തെ ആസ്പദമാക്കി **ഡിസംബർ 12 മുതൽ 17 വരെ** ആറ് ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപര്യമുള്ളവർ **0473 4299869, 9495390436, 9464453247** എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുകയോ, വാട്സാപ്പ് ചെയ്തോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 35 പേർക്ക് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

8. ക്യാബേജ്, കോളിഫ്ളവർ എന്നിവ കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മഴയില്ലെങ്കിൽ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഇവയുടെ ഭക്ഷ്യ യോഗ്യമായ ഭാഗം രൂപപ്പെട്ട് വരുന്നത് വരെ ആവശ്യാനുസരണം ജലസേചനം നടത്തേണ്ടതുണ്ട്. കോളിഫ്ളവറിന്റെ ഭക്ഷ്യ യോഗ്യമായ ഭാഗം (കർഡ്) വന്ന് തുടങ്ങുന്നതിനനുസരിച്ച് ഇലകൾ കൂട്ടിക്കെട്ടി കർഡിനെ പൊതിയേണ്ടതാണ്. നേരിട്ട് സൂര്യപ്രകാശം ഏറ്റ് കർഡിന്റെ നല്ല ദൃഡതയും തൂവെള്ള നിറവും നഷ്ടപെടാതിരിക്കാനായും കീടങ്ങളുടെ ഉപദ്രവം ഒഴുവാക്കുന്നതിനായും കർഡ് പകുതി മൂപ്പെത്തുമ്പോൾ ചുറ്റുമുള്ള 3-4 ഇലകൾ കൊണ്ട് പൊതിഞ്ഞു കൂട്ടിച്ചേർത്ത് കെട്ടി കൊടുക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം